സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - പാർട്ട് ടൈം ക്ഷേത്ര ജീവനക്കാർക്ക് മിനിമം പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2462/18/Est-I** നന്തൻകോട്: 05/04/2018

---

പരാമർശം :- 1) 01-07-2011 ലെ ROC 2000/2011/Est-1 നമ്പർ ഉത്തരവ്.
2) 01-07-2016 ലെ ROC 516/16/Est-1 നമ്പർ ഉത്തരവ്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20-02-2018 ലെ DA 6803/17/D1 നമ്പർ റിപ്പോർട്ട്.
4) ദേവസ്വം കമ്മീഷണറുടെ 03-03-2018 ലെ ആർ.ഒ.സി. 15632/17/ഗ്രാറ്റു. നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

വർക്കല ഗ്രൂപ്പിൽ പി.ഡി. ആറ്റിപ്പുഴ ദേവസ്വം ശാന്തിയായിരുന്ന് 30-11-2009 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ജി. വെങ്കിടേശ്വരൻപോറ്റി 01-03-1986 മുതൽ വിരമിക്കൽ വരെയും പാർടൈം ശാന്തിയായി തുടർന്നിരുന്നുവെന്നും ടിയാന് 23 വർഷവും 8 മാസവും 20 ദിവസവും യോഗ്യസേവന കാലയളവ് ഉണ്ടെന്നും പരാമർശം 1 ഉത്തരവ്പ്രകാരം അനുവദിച്ച ശമ്പള പരിഷ്ക്കാരത്തിൽ പാർടൈം ക്ഷേത്ര ജീവനക്കാർക്ക് ആദ്യമായി 4250-100-4850-110-5400-120-6000-140-6700 രൂപ ശമ്പളസ്കെയിലിലും കാലാകാലങ്ങളിൽ ഇൻക്രിമെന്റും 8, 15, 22, 27 എന്നീ വർഷങ്ങളിൽ അധിക ഇൻക്രിമെന്റും അനുവദിച്ചുവരുന്ന സാഹചര്യത്തിൽ പാർടൈം ക്ഷേത്രജീവനക്കാർക്കും ഫുൾടൈം ക്ഷേത്ര ജീവനക്കാർക്ക് നൽകിവരുന്ന രീതിയിൽ യോഗ്യസേവന കാലയളവിനെ ആസ്പദമാക്കി പെൻഷനും ഗ്രാറ്റുവിറ്റിയും നിജപ്പെടുത്തി നൽകുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാകേണ്ടതാണെന്നും പരാമർശം 2 ഉത്തരവിൻപ്രകാരം 01-07-2014 മുതൽ ഫുൾടൈം ക്ഷേത്ര ജീവനക്കാരുടെ മിനിമം പെൻഷൻ 3,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പാർടൈം ക്ഷേത്ര ജീവനക്കാർക്ക് ടി തീയതി മുതൽ 2,000/- രൂപ മിനിമം പെൻഷൻ അനുവദിക്കാവുന്നതാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ പരാമർശം 3 -ൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്നും ആയത് പരിഗണനാർഹമാണെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 4 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

01-07-2014 മുതൽ ഫുൾടൈം ക്ഷേത്ര ജീവനക്കാരുടെ മിനിമം പെൻഷൻ 3,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പാർടൈം ക്ഷേത്ര ജീവനക്കാർക്ക് ടി തീയതി മുതൽ 2,000/- (രണ്ടായിരം) രൂപ മിനിമം പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

Sd/-

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ബഹു: പ്രസിഡന്റിന്റെ പെഴ്സണൽ സെക്രട്ടറി
4. ബഹു: മെമ്പർ -1 ന്റെ പെഴ്സണൽ സെക്രട്ടറി
5. ബഹു: മെമ്പർ -2 ന്റെ പെഴ്സണൽ സെക്രട്ടറി
6. എസ്റ്റാ-2 സെക്ഷൻ, ബോർഡ് ആഫീസ്
7. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
8. പെൻഷൻ സെക്ഷൻ, ബോർഡ് ആഫീസ്
9. മിസ് 1 & 3 സെക്ഷൻ, ബോർഡ് ആഫീസ്
10. ഇ.ഡി. പി. സെക്ഷൻ
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK